കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ദേലമ്പാടി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എസ്.ഡി17/19/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.
e-Mail: doksd.ksad@kerala.gov.in
Phone: 04994-256690
തീയതി:09.01.2020

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ്,
(സെക്രട്ടറി മുഖേന)
ദേലമ്പാടി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ദേലമ്പാടി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേലമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

<u>ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.</u>

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്
3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ/കെ.എസ്.ഡി.7/19/2020 — തീയ്യതി: 09.01.2020

# <u>കാസറഗോഡ് ജില്ലയിലെ ദേലമ്പാടി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം

പുറപ്പെടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ ദേലമ്പാടി ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018 മുതൽ 14.11.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 01-04-2018 മുതൽ 31.03.2019 തിയ്യതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നു നടത്തിയ പണം പിൻവലിക്കലുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിന് മാത്രമേ മറുപടി നൽകിയിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഉണ്ണി.പി.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.11.2019 മുതൽ 23.11.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ലോകേഷ ആചാരി.ബി<br>(ഓഡിറ്റ് ഓഫീസർ ) |
| | ശ്രീ വിനോദ് കുമാർ, വി .<br>(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.ബാബു.എം<br>(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.ജനാർദ്ദനൻ.സി<br>(സീനിയർ ഗ്രേഡ് ഓഡിറ്റർ) |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. മുസ്തഫ.എ | 01-04-2018മുതൽ 31-03-2019വരെ |
| | | |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.മഹാലിങ്കേശ്വര ശ്രമ | 01-04-2018 മുതൽ 31.12.2018 വരെ |
| | ശ്രീ.ഹംസ.എം | 01.01.2019 മുതൽ 13.03.2019 വരെ |
| | ശ്രീമതി. ഗീതാമണി.ആർ | 14.03.2019 മുതൽ 31-03-2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | രാഘവേന്ദ്ര.പി | 01-04-2018 മുതൽ 04.09.2018 വരെ |
| | എസ്.എസ്.ശാലുമോൻ<br>കൃഷി ഓഫീസർ, ബേഡഡുക്ക ഗ്രാമപഞ്ചായത്ത്, അധികചാർജ്) | 05.09.2018 മുതൽ 14.11.2018 വരെ |
| | അജീബ്.എസ് | 15.11.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.വിനീത്.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ അലോപ്പതി<br>പി.എച്ച്.സി അഡൂർ | ഡോ.സരള എ | 01-04-2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>ആയുർവ്വേദ | ഡോ.ഗോപകുമാർ.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ<br>ഹോമിയോ | ഡോ.മുജീബ് റഹ്മാൻ.സി.എച്ച് | 01-04-2018 മുതൽ 30.09.2018 വരെ |
| | ഡോ.സജ്ജ്വ സലീം | 01.10.2018 മുതൽ 04.12.2018 വരെ |
| | ഡോ.സുമയ്യ.കെ.എം | 05.12.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സതീശൻ.എം.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഹംസ.എം | 01-04-2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശശികുമാർ നമ്പ്യാർ.പി | 01-04-2018 മുതൽ 31-05.2018 വരെ |
| | കൃഷ്ണഭട്ട്.കെ | 01.06.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി. എസ്.<br>സൂപ്പർവൈസർ | ബിന്ദു.കെ.എം | 01-04-2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| വി.ഇ.ഒ ദേലമ്പാടി സർക്കിൾ | ജിനേഷ്.എ | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ അടൂർ സർക്കിൾ | അനീഷ് കുമാർ.ബി | 01-04-2018 മുതൽ 01.01.2019 വരെ |
| | ജിനേഷ്.എ | 02.01.2019 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 – ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾക്ക് തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-11 |
| 12 | തനത് വരുമാനം. | 1-12 |
| 13 | റിസ്റ്റോറേഷൻ ഫീ ഈടാക്കിയതിൽ കുറവ് | 1-13 |
| 14 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായിട്ടില്ല | 1-14 |
| 15 | ശിശു സൗഹൃദ അങ്കൺവാടി- | 1-15 |
| 16 | ഡി & ഒ ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ് | 1-16 |
| 17 | തൊഴിൽ നികുതി-അപാകത | 1-17 |
| 18 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 1-18 |
| 19 | വെറ്റ് മിക്സ് മെക്കാഡം ലെവൽ അളവ് രേഖപ്പെടുത്തിയിട്ടില്ല | 1-19 |
| 20 | ബിറ്റുമിനസ് ഇനങ്ങളുടെ ഒറിജിനൽ ഇൻവോയ്സ് കൈപ്പറ്റാതെ പേയ്മെന്റുകൾ നടത്തി | 1-20 |
| 21 | മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടന്നിട്ടില്ല | 1-21 |
| 22 | ടെണ്ടർ കിഴിവ് വരുത്താതെ പേമെന്റ് നടത്തി- നഷ്ടം | 1-22 |
| 23 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, നോൺ | 1-23 |

| | | |
|---|---|---|
| | അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിട്ടില്ല, 50,000രൂപ തടസ്സപ്പെടുത്തുന്നു . | |
| 24 | തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 1-24 |
| 25 | എസ്.എസ്.കെ പദ്ധതി ചെലവ്- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- | 1-25 |
| 26 | സ്കൂളുകളിൽ പ്രഭാത ഭക്ഷണം പദ്ധതി സംബന്ധിച്ച്- | 1-26 |
| 27 | തുടർ സാക്ഷരതാ പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- | 1-27 |
| | **ഭാഗം 2**<br>**വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 28 | റിസ്റ്റോറേഷൻ ഫീ ഈടാക്കിയതിൽ കുറവ് | 2-1 |
| | **ഭാഗം 3**<br>**ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 29 | ടെണ്ടർ കിഴിവ് വരുത്താതെ പേമെന്റ് നടത്തി- നഷ്ടം | 3-1 |
| | **ഭാഗം 4**<br>**ധനകാര്യ വിശകലനവും ഓഡിറ്റ് പ്രത്യവലോകനം** | |
| 30 | ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിശദവിവരം | 4-1 |
| 31 | സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 32 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 35 | സ്ഥിര നിക്ഷേപം | 4-6 |
| 36 | ഓഡിറ്റ് റിക്കവറി | 4-7 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 38 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 41 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 42 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2 |
| 43 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 44 | ബാലൻസ് ഷീറ്റ് | അനുബന്ധം-4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

2018-19 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| തീരുമാനം നമ്പർ തീയ്യതി | 79/2018, 21.03.2018 |
| മുന്നിരിപ്പ് | 1,67,59,628 |
| വരവ് | 10,48,55,300 |
| ആകെ | 12,16,14,928 |
| ചെലവ് | 11,09,82,450 |
| നീക്കിയിരിപ്പ് | 1,06,32,478 |

# 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് തിരികെ സമർപ്പിച്ച തിയതി | റിമാർക്ക്സ് |
|---|---|---|---|---|
| 31.07.2019 | 24.05.2019 | തിരിച്ചയച്ചിട്ടില്ല | ബാധകമല്ല | ഇല്ല |

# 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ- * സാമൂഹ്യ ക്ഷേമ പെൻഷൻ ഇനങ്ങളിലും തൊഴിലുറപ്പ് പദ്ധതിയിലും ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറിയ തുകകൾ സഹിതം)

-

| | |
|---|---|
| വർഷം | 2018-19 |
| മുന്നിരിപ്പ് | 30,41,967 |
| വരവ് | 16,53,30,768<br>(സാമൂഹ്യ ക്ഷേമപെൻഷൻ- DBT തുക –3,85,57,300രൂപ , തൊഴിലുറപ്പ് പദ്ധതിയിലെ എഫ്.ടി.ഒ തുക- 2,49,50,824 രൂപ എന്നീ തുകകൾ അടക്കം) |
| ആകെ | 16,83,72,735 |
| ചെലവ് | 15,08,15,632<br>(സാമൂഹ്യ ക്ഷേമപെൻഷൻ- DBT തുക –3,85,57,300രൂപ , തൊഴിലുറപ്പ് പദ്ധതിയിലെ എഫ്.ടി.ഒ തുക- 2,49,50,824 രൂപ എന്നീ തുകകൾ അടക്കം) |
| നീക്കിയിരിപ്പ് | 1,75,57,103 |

# 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 2,05,72,066 | 2,05,72,066 | 1,92,76,604 | 12,95,462 | 93.70 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 46,24,000 | 46,24,000 | 32,47,005 | 13,76,995 | 70.22 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1,32,56,000 | 1,32,56,000 | 1,00,26,768 | 32,29,232 | 75.63 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 1,03,44,192 | 1,03,44,192 | 82,89,343 | 20,54,849 | 80.13 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 1,14,86,000 | 1,14,86,000 | 1,14,86,000 | - | 100 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 45,05,000 | 45,05,000 | 44,85,010 | 19,990 | 99.55 |
| ബി.ഫണ്ട് (DBT തുക അടക്കം) | | 0 | 3,88,56,740 | 3,88,56,740 | 3,88,56,740 | - | |
| തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി | 0 | 2,49,50,824 | 2,49,50,824 | 2,49,50,824 | 0 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13,566 | 6,39,909 | 6,53,475 | 6,28,364 | 25,111 | |
| | നൂറുദിനം തൊഴിൽ-ഇൻസെന്റീവ് | - | 58,000 | 58,000 | 58,000 | - | |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | | | |
| സമ്പൂർണ ശുചിത്വ ക്യാമ്പയിൻ | | 11,89,898 | 20,64,545 | 32,54,443 | 10,50,000 | 22,04,443 | |
| സംയോജിത ശിശു വികസന പദ്ധതി (ICDS) | | 1,96,673 | 6,64,975 | 8,61,648 | 7,04,927 | 1,56,721 | |
| പൈക്ക (PYKKA) | | 1,13,586 | - | 1,13,586 | - | 1,13,586 | |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** | | | | | | | |
| ശുചിത്വ മിഷൻ | | - | 25,000 | 25,000 | - | 25,000 | |
| വിമുക്തി | | 37,500 | 25,000 | 62,500 | 8,000 | 54,500 | |
| കേരളോത്സവം ഗ്രാന്റ് | | | 20,000 | 20,000 | 20,000 | | |
| ജോയിന്റ് | ബ്ലോക്ക് പഞ്ചായത്ത് | 44,025 | 12,90,000 | 13,34,025 | 11,37,054 | 1,96,971 | |
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | - | 6,18,568 | 6,18,568 | 4,63,141 | 1,55,427 | |
| അവാർഡുകൾ, ബഹുമതികൾ | | 1,767 | - | 1,767 | - | 1,767 | |
| പ്രളയ ദുരിതാശ്വാസം | | - | 3,15,563 | 3,15,563 | 2,90,041 | 25,522 | |
| ഗുണഭോക്തൃ വിഹിതം | | 97,085 | 1,99,545 | 2,96,630 | 2,37,053 | 59,577 | |
| പട്ടികജാതി വികസന വകുപ്പ്-കോർപ്പസ് ഫണ്ട് | | 27,00,000 | - | 27,00,000 | - | 27,00,000 | |
| ജലനിധി | | 5,14,071 | 36,98,376 | 42,12,447 | 36,13,235 | 5,99,212 | |
| വികലാംഗ പുനരധിവാസ പദ്ധതി | | 6,90,000 | - | 6,90,000 | 3,60,000 | 3,30,000 | |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 262 | 156 | ---- | 106 | 59.5% |

<u>നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം</u>

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2018-19 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2018-19 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | |
|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക |
| 1 | സെക്രട്ടറി | 33 | 1,09,24,578 | 25 | 85,68,201 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 11,35,000 | 6 | 4,65,360 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 139 | 6,74,28,372 | 98 | 4,04,28,294 |
| 4 | കൃഷി ഓഫീസർ | 8 | 33,74,533 | 5 | 26,25,914 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 2,11,70,711 | 6 | 1,01,87,498 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 51,76,643 | 12 | 3,96,440 |
| 7 | വെറ്റിനറി സർജ്ജൻ | 7 | 31,13,200 | 3 | 7,07,419 |
| 8 | | | | | |

| | | | | | |
|---|---|---|---|---|---|
| | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 3 | 1,50,000 | 3 | 1,30,010 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 9 | 15,48,082 | 8 | 9,38,349 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 2,00,000 | 1 | 1,00,000 |
| 11 | പ്രധാനാധ്യാപകൻ | 11 | 55,33,946 | 6 | 36,98,133 |
| | ആകെ | 262 | 8,71,85,149 | 156 | 4,24,54,076 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 13,566 | 6,39,909 | 6,53,475 | 6,28,364 | 25,111 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 2,49,50,824 | 2,49,50,824 | 2,49,50,824 | - |
| ആകെ | 13,566 | 2,55,90,733 | 2,56,04,299 | 2,55,79,188 | 25,111 |

| 1. ജോബ് കാർഡുകൾ (23.11.019 ലെ സ്ഥിതി) | | | | |
|---|---|---|---|---|
| ആകെ വിതരണം ചെയ്ത ജോബ് കാർഡുകൾ | 3,361 | | | |
| ആകെ തൊഴിലാളികളുടെ എണ്ണം | 6,381 | | | |
| സജീവമായ ജോബ് കാർഡുകളുടെ എണ്ണം | 1,952 | | | |
| സജീവമായ തൊഴിലാളികളുടെ എണ്ണം | 2,522 | | | |
| (i) സജീവമായ തൊഴിലാളികളിൽ പട്ടികജാതി തൊഴിലാളികളുടെ എണ്ണം[%] | 7.22 | | | |
| (ii) സജീവമായ തൊഴിലാളികളിൽ പട്ടികവർഗ തൊഴിലാളികളുടെ എണ്ണം[%] | 40.17 | | | |
| 2. പദ്ധതി നടത്തിപ്പിന്റെ പുരോഗതി | വർഷം 2018-19 | വർഷം 2017-18 | വർഷം 2016-17 | വർഷം 2015-16 |
| ഇതു വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 85,685 | 45,255 | 63,434 | 80,348 |
| ഇതു വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ പട്ടികജാതിതൊഴിലാളികളുടെ ശതമാനം | 6.73 | 5.98 | 6.48 | 7.01 |
| ഇതു വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ പട്ടിക വർഗ തൊഴിലാളികളുടെ ശതമാനം | 49.64 | 46.22 | 33.24 | 4.00 |
| ഇതു വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ വനിതാ തൊഴിലാളികളുടെ ശതമാനം | 89.45 | 90.46 | 90.7 | 90.97 |
| ഒരു കുടുംബത്തിന് നൽകിയ ശരാശരി തൊഴിൽ ദിനങ്ങൾ | 63.9 | 39.77 | 47.95 | 64.85 |

| | | | | |
|---|---|---|---|---|
| ശരാശരി വേതനം (പ്രതിദിനം ഒരാൾക്ക്) | 275.72 | 262.66 | 244.54 | 231.94 |
| 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 437 | 58 | 91 | 401 |
| ജോലി ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1,341 | 1,138 | 1,323 | 1,239 |
| ജോലി ചെയ്ത തൊഴിലാളികളുടെ എണ്ണം | 1,594 | 1,302 | 1,573 | 1,486 |
| ജോലി ചെയ്ത ഭിന്ന ശേഷിയുള്ളവർ | 2 | 1 | 0 | 0 |
| 3. പ്രവൃത്തികൾ | | | | |
| ഏറ്റെടുത്ത പ്രവൃത്തികൾ (പുതിയത് + സ്പിൽ ഓവർ) | 193 | 227 | 586 | 605 |
| തുടർന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ | 100 | 83 | 115 | 188 |
| പൂർത്തിയായ പ്രവൃത്തികളുടെ എണ്ണം | 93 | 144 | 471 | 417 |
| പ്രകൃതി വിഭവങ്ങളുടെ മാനേജ്മെന്റ് ഉദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളുടെ ശതമാനം | 96.05 | 93.42 | 90.91 | 92.32 |
| കാറ്റഗറി ബി പ്രവൃത്തികളുടെ ശതമാനം | 40.41 | 51.54 | 23.55 | 29.09 |
| 4. സാമ്പത്തിക പുരോഗതി | | | | |
| ആകെ ചെലവ് (ലക്ഷത്തിൽ) | 260.34 | 123.06 | 218.81 | 147.2 |
| വേതനം (ലക്ഷത്തിൽ) | 243.62 | 111.15 | 207.05 | 142.67 |
| സാധന സാമഗ്രികൾ/ വിദഗ്ധ തൊഴിലാളികളുടെ വേതനം (ലക്ഷത്തിൽ) | 10.44 | 4.16 | 0.91 | 0.24 |
| സാധന സാമഗ്രികൾ (%) | 4.11 | 3.61 | 0.44 | 0.17 |
| ഭരണച്ചെലവ് (ലക്ഷത്തിൽ) | 6.28 | 7.75 | 10.85 | 4.29 |
| ഭരണച്ചെലവ്(%) | 2.41 | 6.3 | 4.96 | 2.91 |
| ഒരാൾക്ക് പ്രതിദിനം വരുന്ന ശരാശരി ചെലവ് | 289.51 | 288.53 | 263.08 | 237.58 |
| EFMS വഴി ചെയ്ത ചെലവിന്റെ ശതമാനം | 100 | 98.95 | 100 | 100 |
| 15 ദിവസങ്ങൾക്കുള്ളിൽ ജനറേറ്റ് ചെയ്ത പേമെന്റ് % | 99.25 | 99.79 | 57.81 | 7.16 |

# 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19,440 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 9,11,900 | 73 |
| വിധവാപെൻഷൻ | 1,28,33,400 | 953 |
| വാർദ്ധക്യകാലപെൻഷൻ | 1,58,08,300 | 1065 |
| | | |

| | | |
|---|---|---|
| ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 41,75,700 | 304 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 6,52,300 | 48 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,80,000 | 6 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ **6 (4)** വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന **15.11.2019** തീയതിയിൽ **3.00 pm** ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി.ക്യാഷ് ബാലൻസായ **15,976 /-** രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

<u>(1)ആസ്തികളുടെ പരിപാലനം-</u> പഞ്ചായത്തിന്റെ ആസ്തികൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. ആസ്തി രജിസ്റ്റർ അപൂർണമാണ്.

**<u>(2)രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-</u>** ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിയത് പാലിക്കപ്പെടുന്നില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

**<u>(3)മേൽ നോട്ടം-</u>** ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ദേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല .ഉദാ- ഓരോദിവസ

ത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല.

**<u>(4)ഫ്രണ്ട് ഓഫീസ് സംവിധാനം-</u> ഫ്രണ്ട് ഓഫീസ് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.** ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**<u>(5)പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ-</u>** പരാതി രജിസ്റ്റർ ആവശ്യക്കാർക്ക് ലഭ്യമാവുന്ന തരത്തിൽ സൂക്ഷിക്കുന്നില്ല. കൃത്യമായ ഫയലിങ് സിസ്റ്റം ഇല്ലാത്തതിനാൽ ലഭ്യമായ പരാതികൾ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല.

**<u>(6)ഓഫീസ് യോഗങ്ങൾ-</u>** നിശ്ചിത ഇടവേളകളിൽ ഓഫീസ് യോഗങ്ങൾ, സ്റ്റാന്റിങ് കമ്മറ്റി യോഗങ്ങൾ എന്നിവ ചേരുന്നുണ്ട്. ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്.

**<u>മറ്റ് പ്രസക്തമായവ-</u>** പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാന്റിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.06.2019,<br>06.07.2019 മുതൽ 08.07.2019 വരെ | 2019 ജൂൺ മുതൽ ആഗസ്റ്റ് വരെ | 2019 സെപ്റ്റംബർ |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2012 മുതൽ 15.05.2012 വരെ | 2006-07 മുതൽ 2011-12 വരെ | 21/06/2012 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

**ദേലമ്പാടി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ**

1. 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2018-19 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.
2. ബാലൻസ് ഷീറ്റ് B- 11ഷെഡ്യൂൾ പ്രകാരം ഫിക്സഡ് അസ്സറ്റ് തുക 66,138,605/-രൂപ ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3. ബാലൻസ് ഷീറ്റ് B- 11(a)ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുക 2,12,078/- ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
4. ഷെഡ്യൂൾ B-4, ഷെഡ്യൂൾ B-9 എന്നീ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
5. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.
6. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം വികസന ഫണ്ട് ടി.എസ്.പി വരവ് 99,83,268/- രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് തുക 1,00,26,768/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.
7. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് വരവ് 44,68,362/-രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് തുക 44,85,010/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.
8. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം ജനറൽ പർപ്പസ് ഫണ്ട് വരവ് 92,52,154/- രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി ബിൽ ബുക്ക് പ്രകാരം വരവ് തുക 9324255/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.
9. TSB own ഫണ്ട് അക്കൗണ്ട് നം.0029 പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 1,06,02,758 രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം, നീക്കിയിരിപ്പ് തുക 1,36,98,668/- രൂപയാണ്. വ്യത്യാസം 3095,,910/- രൂപയുടെ റീക്കൺസിലേഷൻ നടത്തിയിട്ടുണ്ട്. ഈ തുകയിൽ താഴെപ്പറയുന്ന മൊത്തം 15,750/-രൂപയുടെ രണ്ട് ചെക്കുകൾ കാലാവധി കഴിഞ്ഞ ചെക്കാണിത്. ( ചെക്ക് നം.1138884/-തീയ്യതി.03-08-2018 / 7,000/-രൂപ, {ഗ്രൗണ്ട് വാട്ടർ ഫീസിബിലിറ്റി ചാർജ്ജ്}, ചെക്ക് നം.1138805/- തീയ്യതി.04-01-2017/ 8750/-രൂപ,കേരള വാട്ടർ അതോറിറ്റി)ഈ രണ്ട് ചെക്കുകളുടെ തുക ക്രമീകരിക്കേണ്ടതാണ്.

10. 31.03.2019 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-16ൽ 440500101 എന്ന ഹെഡിൽ (Prepaid programme Expense) 44,40,000 രൂപ നീക്കിയിരിപ്പ് ആസ്തി കാണിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം ആസ്തി 31.03.2018 ന് നീക്കിയിരിപ്പില്ല.

11. തൊഴിലുറപ്പ് പദ്ധതി ആകെ ചെലവായി ഇൻകം& എക്സ്പെൻഡിച്ചർസ്റ്റേറ്റ്മെന്റിൽ I-6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക (2,56,66,388) പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള തുകയുമായി (2,63,39,852) പൊരുത്തപ്പെടുന്നില്ല.

12. TSB special അക്കൗണ്ട് നം.799011400000832 ന്റെ പാസ് ബുക്കിൽ 31-03-2019 ലെ നീക്കിയിരിപ്പ് 19,04,124/- രൂപയും AFS പ്രകാരമുള്ള നീക്കിയിരിപ്പ് 1,412,674/-രൂപയുമാണ്-4,91,450/-രൂപയുടെ വ്യത്യാസമുണ്ട്. ഇത് റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

13. അഡ്വാൻസ് രജിസ്റ്റർ സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

14. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാന്റ്, കളക്ഷൻ , ബാലൻസ് സ്റ്റേറ്റ് മെന്റിലെ തുകകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

15. സ്ഥാപനങ്ങൾ, വ്യാപാരികൾ, പ്രോഫഷണലുകൾ എന്നിവരിൽ നിന്നുള്ള തൊഴിൽ നികുതിയിനത്തിൽ തൻവർഷം 7,10,190/- രൂപയുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതു രേഖ അടിസ്ഥാനമാക്കിയാണ് അക്രൂവൽ രേഖപ്പെടുത്തിയത് എന്ന് വ്യക്തമല്ല. . സ്ഥാപനങ്ങളുടെ ലിസ്റ്റും ഇല്ല.

16. 31.03.2019 ലെ ബാലൻസ് ഷീറ്റിൽ(B-15) ഡി&ഒ ലൈസൻസ് ഫീസിനത്തിൽ 600/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. എന്നാൽ ഡിമാൻഡ് രജിസ്റ്റർ പ്രകാരം കുടിശ്ശിക ഇല്ല.

17. തൊഴിൽ നികുതി (ജീവനക്കാർ) ഇനത്തിലുള്ള വരവിനത്തിൽ ഇൻകം&എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

18. വാർഷിക ധനകാര്യ പത്രികയിലെ ഇൻകം& എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക എന്നിവ പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് എന്നീ ഇനങ്ങളിലെ ഡിമാന്റ്, കളക്ഷൻ തുകകൾ ഗ്രാമ പഞ്ചായത്ത് ഡിമാന്റ്, കളക്ഷൻ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

# 1-12 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് തൻവർഷം തനത് നികുതി നികുതിയേതര വരുമാനയിനങ്ങളുടെ വരവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 18,92,070 | 15,60,159 | (-)3,31,911 |
| നികുതിയേതര വരവുകൾ | 8,64,291 | 46,11,123 | (+)37,46,832 |
| മറ്റുള്ളവ | 24,117 | 68,241 | (+)44,124 |
| **ആകെ** | **27,80,478** | **62,39,523** | **(+)34,59,045** |

# 1-13 റിസ്റ്റോറേഷൻ ഫീ ഈടാക്കിയതിൽ കുറവ്

ദേലമ്പാടി ഗ്രാമപഞ്ചായത്തിലെ സാലത്തടുക്ക-ദേലമ്പാടി, അട്ടൂർഅമ്പലം- കോരിക്കണ്ടം-സുള്ള്യ എന്നീ റോഡുകളിൽ യഥാക്രമം 3.8 കി.മീ, 3.7 കി.മീ ദൂരത്തിൽ റോഡരികകുളും റോഡും കട്ട് ചെയ്ത്

ഒ.എഫ്.സി കേബിളും മാൻഹോളുകളും സ്ഥാപിക്കുന്നതിന് 10/01/2019 ലെ ഉത്തരവ് നം.എ4. 6282/2018 നമ്പരിൽ പഞ്ചായത്ത് സെക്രട്ടറി അനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള റിസ്റ്റോറേഷൻ ഫീസായി 05.01.2019 ലെ 118010400005 നമ്പർ രശീതി പ്രകാരം 39,17,778രൂപ റിലയൻസ് ജിയോ ഇൻഫോകോം പഞ്ചായത്തിൽ അടച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് സെക്രട്ടറി റിസ്റ്റോറേഷൻ ഫീസ് അടപ്പിച്ചിട്ടുള്ളത്. പി.ഡബ്ല്യു.ഡി റോഡ്സ് & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയറുടെ 22.05.2018 ലെ സർക്കുലർ നമ്പർ CE/R&B/GL-RC/1/2018 ലെ നിരക്കുകൾ അടിസ്ഥാനമാക്കിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. റിപ്പോർട്ടിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സാലത്തടുക്ക ദേലമ്പാടി റോഡ് | | | | | |
|---|---|---|---|---|---|
| | നീളം | വീതി | വിസ്തീർണം | നിരക്ക് | തുക |
| Berm cutting | 3485 m | 0.50 m | 1742.50 sqm | 329.87/sqm | 5,74,798.48 |
| Bitumen cutting | 315 m | 1 m | 315 sqm | 4680.65 sqm | 14,74,404.75 |
| അട്ടൂർ അമ്പലം കോരിക്കണ്ടം സുള്ള്യ റോഡ് | | | | | |
| Berm cutting | 3525 m | 0.50 m | 1762.50 sqm | 329.87/sqm | 5,81,395.88 |
| Bitumen cutting | 275 m | 1 m | 275 sqm | 4680.65 sqm | 12,87,178.75 |
| ആകെ | | | | | 39,17,777.86 |
| say | | | | | 39,17,778 |

പി.ഡബ്ല്യു.ഡി റോഡ്സ് & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയറുടെ 22.05.2018 ലെ സർക്കുലർ നമ്പർ CE/R&B/GL-RC/1/2018 ലെ നിരക്കുകൾ അടിസ്ഥാനമാക്കിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഈ സർക്കുലറിൽ റിസ്റ്റോറേഷൻ വീതി കണക്കാക്കുന്നത് സംബന്ധിച്ച് ചില നിബന്ധനകൾ ഉൾപ്പെട്ടിട്ടുണ്ട്. പക്ഷേ ഈ നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ല.

റിസ്റ്റോറേഷൻ വീതി ട്രഞ്ചിന്റെ വീതിയുടെ 1.5 മടങ്ങ് കണക്കാക്കണം എന്നാണ് സർക്കുലറിലെ നിബന്ധന. ഒപ്റ്റിക്കൽ ഫൈബർ കേബിളും മാൻഹോളും സ്ഥാപിക്കുന്നതിനായി റിലയൻസ് ജിയോ ഇൻഫോകോം എന്ന സ്ഥാപനം പഞ്ചായത്തിന് നൽകിയ നം. RJIL/OFC/NLD/7A/DELAMPADY/PAN/7824, തിയതി 14.11.2018 എന്ന അപേക്ഷയിൽ berm cutting നടത്തുന്നത് 1.65 മീറ്റർ ആഴത്തിൽ 0.50 മീറ്റർ വീതിയിൽ ആയിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ ട്രഞ്ചുകളുടെ റിസ്റ്റോറേഷൻ വീതി ട്രഞ്ചിന്റെ വീതിയായ 0.5 മീറ്ററിന്റെ 1.50 മടങ്ങായ 0.75 മീറ്ററായി കണക്കാക്കണമായിരുന്നു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ റിപ്പോർട്ടിൽ berm cutting ന്റെ റിസ്റ്റോറേഷൻ വീതി 0.50 മീറ്റർ മാത്രമാണ് കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ berm cutting ന്റെ റിസ്റ്റോറേഷൻ ഏരിയ, ഫീസ് എന്നിവ കണക്കാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. റിലയൻസിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ഫീസ് ചുവടെ കണക്കാക്കുന്നു.

| സാലത്തടുക്ക ദേലമ്പാടി റോഡ് | | | | | |
|---|---|---|---|---|---|
| | നീളം | വീതി | വിസ്തീർണം | നിരക്ക് | തുക |
| Berm | 3485 | 0.75 | 2613.75 | 329.87/sqm | 8,62,197.71 |

| | | | | | |
|---|---|---|---|---|---|
| cutting | m | m | sqm | | |
| Bitumen cutting | 315 m | 1 m | 315 sqm | 4680.65 sqm | 14,74,404.75 |
| അട്ടൂർ അമ്പലം കോരിക്കണ്ടം സുള്ള്യ റോഡ് | | | | | |
| Berm cutting | 3525 m | 0.75 m | 2643.75 sqm | 329.87/sqm | 8,72,093.81 |
| Bitumen cutting | 275 m | 1 m | 275 sqm | 4680.65 sqm | 12,87,178.75 |
| ആകെ | | | | | 44,95,875.02 |
| say | | | | | 44,95,875 |

ഈടാക്കിയ തുക- 39,17,778

ഈടാക്കേണ്ടിയിരുന്ന തുക – 44,95,875

കുറവ്- 5,78,097

അപാകതകൾക്ക് വിശദീകരണവും സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഹാര നടപടികളും അറിയിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10, തിയതി 23.11.2019) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കി നികത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 ഹോമിയോ ഡിസ്പെൻസിക്ക് മരുന്ന് ലഭ്യമായിട്ടില്ല

(പ്രോജക്ട് നം 211/18 )–

മെഡിക്കൽ ഓഫീസർ ബിൽ നം 1/2018-19 തിയതി 29-11-2018 പ്രകാരം 1,00,000 രൂപ ട്രഷറിയിൽനിന്നും പിൻവലിച്ച് മരുന്ന് വാങ്ങുന്നതിനായി കേരള ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി (22-11-2019) വരെ ഹോമിയോ ഡിസ്പെൻസിക്ക് മരുന്ന് ലഭ്യമായിട്ടില്ല. 29-11-2018 തീയതി പേമെന്റ് നടത്തി നാളിതുവരെ മരുന്ന് ലഭിക്കാത്തതിന്റെ കാരണം വ്യക്തമല്ല. ഈ അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം 5 തീയതി 22-11-2019)

# 1-15 ശിശു സൗഹൃദ അങ്കൺവാടി

പ്രോജക്ട് നം 24/18-
നിർവ്വഹണം- ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവ് - 3,59,990 രൂപ ( ബിൽ നം 29/2018-19 തീയതി 28-03-2019)

പഞ്ചായതിലെ അങ്കണവാടികൾ ശിശുസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ചുമർചിത്രം വരക്കുന്നതിനുള്ള പദ്ധതിയാണിത്. ടെണ്ടർമുഖേനയാൺ പ്രവൃത്തി നടത്തിയിട്ടുള്ളത്. ഒരു സ്ക്വയർ അടിക്ക് 15.25രൂപ പ്രകാരം മൊത്തം 23,600 സ്ക്വയർ അടിക്ക് 3,59,990 രൂപ, സുനിൽകുമാർ, തോട്ടത്തിൽ എന്റർപ്രൈസസ് എന്ന വ്യക്തിക്ക് നൽക്കിയിട്ടുണ്ട്.

ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(എ) എസ്റ്റിമേറ്റ് ,ടെണ്ടർ ക്ഷണിച്ചതിന്റെ രേഖ ഫയലിൽ ലഭ്യമല്ല .

(ബി) ടെണ്ടർ രജിസ്റ്റർ പൂർണ്ണമല്ല.

(സി) ടെണ്ടർ സമർപ്പിച്ചതിൽ സ്പെസിഫിക്കേഷൻ പറയുന്നില്ല.

(ഡി) ചുമർചിത്രത്തിനു ഉപയോഗിച്ച സാധനങ്ങളുടെ ബില്ല്, എൻ.എം.ആർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(ഇ) ചുമർചിത്രം വരച്ച അങ്കണവാടികളുടെ എണ്ണം, ഓരോ അങ്കണവാടിയിലും വരച്ച ചിത്രത്തിന്റെ അളവ്, വാല്യൂവേഷൻ, എന്നീ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(എഫ് ) പ്രോജക്ടിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഈ എല്ലാ കാരണങ്ങളാൽ ചെലവ് തുക 3,59,990 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം 6 തീയതി 22-11-2019)

## 1-16 ഡി & ഒ ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ. (പി). നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ. നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്ടിലെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചതും , 1996 ലെ ഡി&ഒ ചട്ടങ്ങൾക്ക് ഭേദഗതി പുറപ്പെടുവിച്ചിട്ടുള്ളതിനാൽ Kerala Panchayath Raj(Issue of License to factories,Traders,Enterpreneurship activities and other services)Rules,1996എന്ന് ചട്ടത്തെ പുനർനാമകരണം ചെയ്തിട്ടുണ്ട്. ആയതു പ്രകാരം നിലവിൽ ചട്ടം 10 ലെ പട്ടിക 2 ലെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കി പോരുന്ന ഫീസിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി തരം തിരിച്ച് ഫീസ് ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് പരിഗണിച്ച് ചർച്ച ചെയ്ത് ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്. ഇത്തരത്തിൽ അംഗീകാരം ലഭിച്ച നിരക്കുകൾ അനുസരിച്ചായിരിക്കണം 2019-20 വർഷത്തെ ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറി ഫീസ് ഈടാക്കേണ്ടത്.

## 1-17 തൊഴിൽ നികുതി-അപാകത

തൊഴിൽനികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥാപന മേധാവികൾ ഹാജരാക്കുന്ന തൊഴിൽ നികുതി പത്രികയിൽ ചില സ്ഥാപനങ്ങൾ മുഴുവൻ വരുമാന വിവരങ്ങളും ഉൾപ്പെടുത്താത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പത്രികയിൽ യഥാർഥത്തിൽ ഉൾപ്പെടുത്തേണ്ടുന്നതായ ആർജിതാവധി സറണ്ടർ തുക, ബോണസ്, ഫെസ്റ്റിവൽ അലവൻസ്, ക്ഷാമബത്ത കുടിശ്ശിക, ശമ്പള പരിഷ്കരണ കുടിശ്ശികകൾ എന്നിവ ഉൾപ്പെടുത്തുന്നുമില്ല. ഇക്കാരണത്താൽ പഞ്ചായത്ത് ഫണ്ടിന് നികുതി നഷ്ടം ഉണ്ടാകുന്നുണ്ട്. ആയതിനാൽ ഭാവിയിൽ തൊഴിൽ നികുതി പത്രികകൾ സമർപ്പിക്കുമ്പോൾ മുഴുവൻ വരുമാന വിവരങ്ങളും രേഖപ്പെടുത്തി സമർപ്പിക്കാൻ സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-18 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തു പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ

എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

# 1-19 വെറ്റ് മിക്സ് മെക്കാഡം ലെവൽ അളവ് രേഖപ്പെടുത്തിയിട്ടില്ല

2018-19 വർഷം നടത്തിയ റോഡ് നിർമാണ പ്രവൃത്തികളിൽ ചിലതിൽ വലിയ അളവിൽ മൾട്ടി ലെയർ പേവ്മെന്റ് നിർമിച്ചതായി കാണുന്നു. എന്നാൽ വെറ്റ് മിക്സ് മെക്കാഡം നടത്തി നിർമിച്ച ഈ പേവ്മെന്റുകളുടെ ലെവൽ അളവുകൾ എടുത്തതായോ അളവുകൾ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തതായോ കാണുന്നില്ല. ചീഫ് ടെക്നിക്കൽ എക്സാമിനർ എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർക്ക് 07.05.2018 ന് അയച്ച No.Insp-Tech-2/36/2018-Fin കത്തിൽ വെറ്റ് മിക്സ് മെക്കാഡം ചെയ്തതിന്റെ അളവ് കാണാനും പ്രവൃത്തി സൈറ്റിൽ ചെയ്തുവെന്ന് ഉറപ്പു വരുത്താനും റോഡിന്റെ ഇനിഷ്യൽ, ഫൈനൽ ലെവലുകൾ രേഖപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്നും വെറ്റ് മിക്സ് മെക്കാഡം ലെവലുകൾ പ്രവൃത്തിയുടെ അളവ് കണക്കാക്കാതെ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 28.12.2015 ലെ സർക്കാർ ഉത്തരവ് നം (പി) 590/2015/fin പ്രകാരം മൾട്ടി ലെയർ പേവ്മെന്റുകളുടെ ലെവൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള മാതൃകകൾ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ഒരു പ്രവൃത്തിയുടെ ഫയലിലും പേവ്മെന്റുകളുടെ ലെവൽ അളവുകൾ രേഖപ്പെടുത്തിയതായോ അളവുകൾ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തതായോ കാണുന്നില്ല. വെറ്റ് മിക്സ് മെക്കാഡം അളവുകൾ ടേപ്പ് മെഷർമെന്റ് ചെയ്തതായാണ് എം.ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഏതാനും പ്രവൃത്തികളുടെ വിവരങ്ങൾ ഉദാഹരണങ്ങളായി ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പ്രോജക്ടിന്റെ വിശദാംശങ്ങൾപ്രോജക്ട് നം | വെറ്റ് മിക്സ് മെക്കാഡം അളവ് | എം.ബുക്ക് നം, പേജ് നം |
|---|---|---|---|
| 1 | പ്രോജക്ട് നം 172/2019- പടുപ്പ് പാണ്ടി റോഡ് വികസനം, റീടാറിംഗ് | 244.8 cum | 29/18-19, പേജ് 5, 8, 20 |
| 2 | പ്രോജക്ട് നം 61/19- ചന്ദനക്കാട് ഒഡ്യപ്പദവ് റോഡ് സംരക്ഷണം | 96.75 cum | 50/18-19, പേജ് 6, 15 |
| 3 | പ്രോജക്ട് നം 90/19- ഹിദായത്ത് നഗർ ഗൗരിമൂല റോഡ് ടാറിംഗ് | 98.55 cum | 70/18-19, പേജ് 4, 14 |
| 4 | പ്രോജക്ട് നം 91/19- മയ്യള ഹിദായത്ത് നഗർ റോഡ് ടാറിംഗ് | 96.75 cum | 71/18-19, പേജ് 4, 16 |
| 5 | പ്രോജക്ട് നം 233/19- കൊറ്റുമ്പ റോഡ് മെച്ചപ്പെടുത്തൽ | 128 cum | 79/18-19, പേജ് 4, 9 |
| 6 | പ്രോജക്ട് നം 180/19- കണ്ണങ്കോൽ കല്ലടുക്ക റോഡ് വികസനം | 93 cum | 74/18-19, പേജ് 4, 6, 19 |

# 1-20 ബിറ്റുമിനസ് ഇനങ്ങളുടെ ഒറിജിനൽ ഇൻവോയ്സുകൾ കൈപ്പറ്റാതെ പേമെന്റ് നടത്തി

സർക്കാർ ഉത്തരവ് നം.(സാധാ)3049/2016/തസ്വഭവ, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 03.11.2016 ലെ സർക്കുലർ നം.D2013/CE/LSGD എന്നിവ പ്രകാരം റോഡ് പണികൾക്കുള്ള ടാർ കരാറുകാരൻ വാങ്ങുന്ന സംഗതിയിൽ ടാറിന്റെ ഒറിജിനൽ ഇൻവോയ്സ് കർശനമായും സമർപ്പിച്ചിരിക്കേണ്ടതാണ്. എന്നാൽ 2018-19 ൽ നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ ബിറ്റുമിനസ് ഇനങ്ങളുടെ ഒറിജിനൽ

ഇൻവോയ്സുകൾ കരാറുകാരിൽ നിന്നും കൈപ്പറ്റാതെ പ്രവൃത്തികളുടെ നിർവഹണം നടത്തിയതായി കാണുന്നു. പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ട് നം, പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ചെലവ് |
|---|---|---|---|
| 1 | പ്രോജക്ട് നം 55/2019- മണിയൂർ പിണ്ടിക്കൈ റോഡ് ടാറിംഗ് | സുബിൻ ആന്റണി | 3,56,523 (മെയിന്റനൻസ് ഫണ്ട് റോഡ്) ബിൽനം. 41/21.01.2019 |
| 2 | പ്രോജക്ട് നം 63/2019- പരപ്പ ദേലമ്പാടി മുഞ്ചിക്കാന റോഡ് പുനരുദ്ധാരണം | സുബിൻ ആന്റണി | 20,05,620 (മെയിന്റനൻസ് ഫണ്ട് റോഡ്) ബിൽനം. 43/21.01.2019 |
| 3 | പ്രോജക്ട് നം 60/19- കോരിക്കണ്ടം കാട്ടിക്കജെ റോഡ് സംരക്ഷണം | സുബിൻ ആന്റണി | 9,21,099 (മെയിന്റനൻസ് ഫണ്ട് റോഡ്) ബിൽനം. 88/28.03.2019 |
| 4 | പ്രോജക്ട് നം 47/2019- പാണ്ടി നീർളക്കയ റോഡ് ടാറിംഗ് | സുബിൻ ആന്റണി | 7,78,989 (മെയിന്റനൻസ് ഫണ്ട് റോഡ്) ബിൽനം. 36/31.12.2018 |
| 5 | പ്രോജക്ട് നം 131/2019- മുഞ്ചിക്കാന പരപ്പ റോഡ് റീടാറിംഗ് | സുബിൻ ആന്റണി | 18,32,353 (മെയിന്റനൻസ് ഫണ്ട് റോഡ്) ബിൽനം. 35/31.12.2018 |

ഈ പ്രവൃത്തികൾക്ക് ഉപയോഗിച്ച ബിറ്റുമിൻ, എമൽഷൻ എന്നിവയുടെ ഒറിജിനൽ ഇൻവോയ്സുകൾ ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടന്നിട്ടില്ല

2018-19വർഷം നടപ്പിലാക്കിയ ഒരു പ്രവൃത്തി ഫയലിലും മോണിറ്ററിങ് കമ്മിറ്റിയുടെ റിപ്പോർട്ട് ഉൾക്കൊള്ളിച്ചിട്ടില്ല. പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ആകെ 2 യോഗങ്ങൾ മാത്രമേ 2018-19 വർഷം ചേർന്നിട്ടുള്ളൂ. മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തെപ്പറ്റി ഈ യോഗങ്ങളിൽ എന്തെങ്കിലും ചർച്ചകൾ

നടന്നതായി കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ ഒരു ഘട്ടത്തിലും മോണിറ്ററിംങ്ങിന് നിയുക്തരായ കമ്മിറ്റിയുടെ ഇടപെടലുകൾ ഉണ്ടായിട്ടില്ല എന്ന് അനുമാനിക്കാവുന്നതാണ്.

മിക്ക പ്രവൃത്തികളുടെ ഫയലുകളിലും പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രങ്ങളുടെയും മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രങ്ങളുടെയും അഭാവത്തിൽ പ്രവൃത്തികളുടെ അന്തിമ പേമെന്റുകൾ നടത്തിയത് ശരിയല്ല. ഇക്കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

# 1-22 ടെണ്ടർ കിഴിവ് വരുത്താതെ പേമെന്റ് നടത്തി- നഷ്ടം

പ്രോജക്ട് നം 68/19- പയറടുക്ക സ്കൂളിന് സ്റ്റേജ്, കിച്ചൺ, പമ്പ് സെറ്റ്

ഫണ്ട്- 1,50,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

കരാറുകാരൻ- ശ്രീ.റസാഖ്.എം.എച്ച് (2.99% കുറവ് നിരക്കിൽ)

ഇടെണ്ടർ ഐ.ഡി- 2018_LSGD_237064_1

ഈ പ്രവൃത്തിയുടെ 1 മുതൽ 10 വരെയുള്ള ഇനങ്ങൾ ഇ-ടെണ്ടർ നടത്തുകയും 2.99% കുറവ് നിരക്കിൽ ശ്രീ.റസാഖ്.എം.എച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ അളവു പുസ്തകം (നം.45/18-19) പ്രകാരം ഇനം 1 മുതൽ 10 വരെ 1,35,387.45 രൂപയുടെയും ലംപ്സം ഇനമായി 7,782 രൂപയുടെയുമടക്കം ആകെ1,43,169 രൂപയുടെ പ്രവൃത്തി ചെയ്ത കരാറുകാരന് 1,43,269 രൂപ പ്രവൃത്തി മൂല്യം കണക്കാക്കി പേമെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്. (ബിൽ നം 67/21.03.2019, തുക-1,43,269). എന്നാൽ പേമെന്റ് നടത്തുമ്പോൾ 2.99%ടെണ്ടർ കിഴിവ് വരുത്തിയിട്ടില്ല. ടെണ്ടർ കിഴിവ് വരുത്തിയിരുന്നെങ്കിൽ ആകെ 1,38,879.28 രൂപ മാത്രമേ പഞ്ചായത്തിന് ചെലവ് വഹിക്കേണ്ടി വരുമായിരുന്നുള്ളൂ. ഇപ്രകാരം ചെയ്യാത്തതിനാൽ പഞ്ചായത്തിന് 4,389.72 രൂപ അധികച്ചെലവ് വഹിക്കേണ്ടി വന്നിട്ടുണ്ട്. ഈ തുക പ്രവൃത്തിയുടെ ബിൽ തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-23 ആയൂർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിട്ടില്ല, 50,000രൂപ തടസ്സപ്പെടുത്തുന്നു .

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ആയുർവേദം

പ്രൊജക്ട് നമ്പർ . : 124/18-19

ഫണ്ട് ഇനം . : മെയിന്റനൻസ് ഫണ്ട് നോൺ റോഡ്

അടങ്കൽ തുക . : 50000 രൂപ

ചെലവ് തുക . : 50000 രൂപ

ബിൽ നമ്പർ . : 1/18-19 തിയ്യതി .12-11-2018

നിർവ്വഹണ ഉദ്യോഗസ്ഥനായ ആയൂർവേദ മെഡിക്കൽ ഓഫീസർ, ദേലമ്പാടി ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് വേണ്ടി പദ്ധതി നടപ്പിലാക്കിയിരുന്നു. 50000 രൂപ ചെലവഴിച്ച് സർക്കാർ അംഗീകൃത ഏജൻസിയായ ഔഷധിയിൽ നിന്നുമാണ് മരുന്ന് വാങ്ങിട്ടുള്ളത്. കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് ലഭ്യമാക്കുക എന്നത്

ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യ സ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പു വരുത്താവുന്നതാണ്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെയും ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെയും മരുന്നുകൾ വാങ്ങാനോ മരുന്നിനു വേണ്ടി തുക ചെലവഴിക്കാനോ പാടില്ല.(ജി.ഒ (എം.എസ്.) 22/2018 ത.സ്വ.ഭ.വ.14.02.2018. ഖണ്ഡിക 7.5.3.).

എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ മേൽ പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ് ജില്ലാ ആയുർവേദ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. അതിനാൽ ചെലവ് തുകയായ 50000രൂപ തടസ്സപ്പെടുത്തുന്നു.

# 1-24 തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു സ്ഥാപന രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

# 1-25 എസ്.എസ്.കെ പദ്ധതി ചെലവ്- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ, ജി എൽ പി എസ് , എടപറമ്പ

| ബിൽ നം/ തിയതി | തുക | പ്രോജക്ട് നം |
|---|---|---|
| 15/18-19 തി 11-03-2019 | 3,30,000 | 40/18 (ജനറൽ) |
| 4/18-19 തി 11-09-2018 | 4,00,000 | 44/18 (എസ്.ടി) |
| 5/18-19 തി 11-09-2018 | 5,00,000 | 48/18 (എസ്.സി) |
| ആകെ | 12,30,000 | |

മുകളിൽ കാണിച്ചത് പ്രകാരം 12,30,000 രൂപ എസ്.എസ്.കെ പദ്ധതിക്കായി കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം, 2018-19 വർഷത്തെ ചെലവ് പത്രിക ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 12,30,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
( ഓഡിറ്റ് എന്ക്വയറി നം 9 തീയതി 22-11-2019)

# 1-26 സ്കൂളുകളിൽ പ്രഭാത ഭക്ഷണം പദ്ധതി

# സംബന്ധിച്ച്-

പ്രോജക്ട് നം 67/19

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ, ജി എൽ പി എസ് , എടപറമ്പ

ദേലമ്പാടി പഞ്ചായത്തിലെ 14 സ്കൂളുകൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ടാണിത്. 2018-19 വർഷത്തിൽ 6/2018 മുതൽ 2/2019 വരെ ഈ പദ്ധതിക്കു വേണ്ടി മൊത്തം 22,97,187 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ താഴെ നൽകുന്നു.

(എ) ഒരു കുട്ടിയുടെ ഒരു ദിവസത്തെ പ്രഭാത ഭക്ഷണത്തിന്റെ ചെലവ് 8 രൂപ എന്ന് കണക്കാക്കിയിട്ടുണ്ട്. കുട്ടികളുടെ ഹാജർ അടിസ്ഥാനമാക്കിയാണ് ചെലവ് കണക്കാക്കുന്നത്. എന്നാൽ കുട്ടികളുടെ ഹാജർ സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. താഴെ കാണിച്ച സ്കൂളുകൾ എല്ലാ മാസവും എല്ലാ ദിവസവും ഒരേ ഹാജർ കാണിച്ചിട്ടുണ്ട്. കുട്ടികളുടെ ഹാജർ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ഹാജർ സംബന്ധിച്ച് കൃത്യത പരിശോധിക്കാൻ ഓഡിറ്റിനു സാധിട്ടില്ല.എല്ലാ സ്കൂളുകളുടേയും ഹാജർ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

<u>എല്ലാ ദിവസവും ഒരേ ഹാജർ കാണിച്ച സ്കൂളുകൾ</u>

| സ്കൂളിന്റെ പേര് | ഹാജർ നില 6/2018 മുതൽ 2/2019 വരെ |
|---|---|
| ജി യു പി എസ് പള്ളങ്കോട് | 68 |
| എസ് ജി എ എൽ പി സ് മയ്യള | 67 |
| എം ജി എൽ പി എസ് ഊജംപാടി | 70 |
| ജി ഡബ്ള്യൂ എൽ പി എസ് പയറഡുക്ക | 25 |

(ബി) പ്രഭാത ഭക്ഷണത്തിനു വേണ്ടി വലിയ തുക ചെലവ് ചെയ്യുന്ന സ്കൂളുകൾ സാധനങ്ങൾ വാങ്ങിയതിന്റെ ജി എസ് ടി ബിൽ ഹാജരാക്കിയിട്ടില്ല. അടൂർ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ജി എച്ച് എസ് എസ് അടൂർ എന്ന സ്കൂൾ, അടൂർ എന്ന സ്ഥലത്ത് ഭക്ഷണം തയ്യാറാക്കുന്നതിനുള്ള സാധനങ്ങൾ ലഭ്യമാണെങ്കിലും കർണ്ണാടക സംസ്ഥാനത്തിലെ ഷോപ്പിൽനിന്നും സാധങ്ങൾ വാങ്ങുന്നുണ്ട്. ഇത് കാരണം കേരള സംസ്ഥാന സർക്കാരിനു ലഭ്യമാകേണ്ട എസ് ജി എസ് ടി നഷ്ടപ്പെടുകയാണ്. 14 സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെടുന്ന സ്കൂൾ അടൂർ എന്ന സ്ഥലത്തെ കടകളിൽനിന്നും ഭക്ഷണ സാധനങ്ങൾ പർച്ചേസ് നടത്തുന്നുണ്ടെങ്കിലും ജി എച്ച് എസ് എസ് അടൂർ കർണ്ണാടക സംസ്ഥാനത്തിലെ ഷോപ്പിൽനിന്നും സാധങ്ങൾ വാങ്ങുന്നതിന്റെ കാരണം ഓഡിറ്റിനു വ്യക്തമാക്കേണ്ടതാണ്.

(സി ഭക്ഷണം പാചകം ചെയ്യാൻ ഫൈർവുഡ് വാങ്ങുന്ന സ്കൂളുകൾ ഫൈർവുഡ് വാങ്ങിയതിന്റെ അളവ്, രേറ്റ്, കാണിക്കുന്ന വൗച്ചർ പരിശോധനയ്ക്ക് ലഭ്യമാക്കിയിടില്ല. ഈ തുകയിൽ 3,457 രൂപ ഫൈർവുഡ് വാങ്ങിയതിന്റെ വില മുഹമ്മദ് എന്ന വ്യക്തിക്ക് നൽകിയതായി കാണിച്ചിട്ടുണ്ട്. എന്നാൽ കൈപറ്റ് രശീതിയിൽ വിറകിന്റെ രേറ്റ്, വാങ്ങിയ വിറകിന്റെ അളവ് എന്നിവ കാണിച്ചിട്ടല്ല.

(ഡി) പാചകകാരുടെ നോമിനൽ മസ്റ്റർ റോൾ സൂക്ഷിക്കേണ്ടതാണ്.ജി എച്ച് എസ് എസ് അടൂർ 9/2019 മാസത്തിൽ 3,800 രൂപ വീതം 7,600 രൂപ 2 പാചകക്കാർക്ക് നൽക്കിയതായി കാണിച്ചിട്ടുണ്ട്.എൻ എം ആർ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(ഡി) ഈ പദ്ധതിയുടെ മോണിറ്ററിങ് റിപ്പോർട്ട പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം 9 തീയതി 22-11-2019)

## 1-27 തുടർ സാക്ഷരതാ പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-

പ്രോജക്ട് നം 93/19

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ, ജി എൽ പി എസ് , എടപറമ്പ

ഈ പദ്ധതിക്ക വേണ്ടി ചെക്ക് നം 2336208 തിയതി 14-11-2018 പ്രകാരം 50,000 രൂപ ജില്ലാ പഞ്ചായത്തിന നൽക്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജറാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം 9 തീയതി 22-11-2019)

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 റിസ്റ്റോറേഷൻ ഫീ ഈടാക്കിയതിൽ കുറവ്

ദേലമ്പാടി ഗ്രാമപഞ്ചായത്തിലെ സാലത്തടുക്ക-ദേലമ്പാടി, അടൂർഅമ്പലം- കോരിക്കണ്ടം-സുള്ള്യ എന്നീ റോഡുകളിൽ യഥാക്രമം 3.8 കി.മീ, 3.7 കി.മീ ദൂരത്തിൽ റോഡരികകുളും റോഡും കട്ട് ചെയ്ത് ഒ.എഫ്.സി കേബിളും മാൻഹോളുകളും സ്ഥാപിക്കുന്നതിന് 10/01/2019 ലെ ഉത്തരവ് നം.എ4. 6282/2018 നമ്പരിൽ പഞ്ചായത്ത് സെക്രട്ടറി അനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള റിസ്റ്റോറേഷൻ ഫീസായി 05.01.2019 ലെ 118010400005 നമ്പർ രശീതി പ്രകാരം 39,17,778രൂപ റിലയൻസ് ജിയോ ഇൻഫോകോം പഞ്ചായത്തിൽ അടച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് സെക്രട്ടറി റിസ്റ്റോറേഷൻ ഫീസ് അടപ്പിച്ചിട്ടുള്ളത്. പി.ഡബ്ല്യു.ഡി റോഡ്സ് & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയറുടെ 22.05.2018 ലെ സർക്കുലർ നമ്പർ CE/R&B/GL-RC/1/2018 ലെ നിരക്കുകൾ അടിസ്ഥാനമാക്കിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. റിപ്പോർട്ടിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സാലത്തടുക്ക ദേലമ്പാടി റോഡ് | | | | | |
|---|---|---|---|---|---|
| | നീളം | വീതി | വിസ്തീർണം | നിരക്ക് | തുക |
| Berm cutting | 3485 m | 0.50 m | 1742.50 sqm | 329.87/sqm | 5,74,798.48 |
| Bitumen cutting | 315 m | 1 m | 315 sqm | 4680.65 sqm | 14,74,404.75 |
| അടൂർ അമ്പലം കോരിക്കണ്ടം സുള്ള്യ റോഡ് | | | | | |
| Berm cutting | 3525 m | 0.50 m | 1762.50 sqm | 329.87/sqm | 5,81,395.88 |
| Bitumen cutting | 275 m | 1 m | 275 sqm | 4680.65 sqm | 12,87,178.75 |
| ആകെ | | | | | 39,17,777.86 |

| | |
|---|---|
| say | 39,17,778 |

പി.ഡബ്ല്യ.ഡി റോഡ്സ് & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയറുടെ 22.05.2018 ലെ സർക്കുലർ നമ്പർ CE/R&B/GL-RC/1/2018 ലെ നിരക്കുകൾ അടിസ്ഥാനമാക്കിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഈ സർക്കുലറിൽ റിസ്റ്റോറേഷൻ വീതി കണക്കാക്കുന്നത് സംബന്ധിച്ച് ചില നിബന്ധനകൾ ഉൾപ്പെട്ടിട്ടുണ്ട്. പക്ഷേ ഈ നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ല.

റിസ്റ്റോറേഷൻ വീതി ട്രഞ്ചിന്റെ വീതിയുടെ 1.5 മടങ്ങ് കണക്കാക്കണം എന്നാണ് സർക്കുലറിലെ നിബന്ധന. ഒപ്റ്റിക്കൽ ഫൈബർ കേബിളും മാൻഹോളും സ്ഥാപിക്കുന്നതിനായി റിലയൻസ് ജിയോ ഇൻഫോകോം എന്ന സ്ഥാപനം പഞ്ചായത്തിന് നൽകിയ നം. RJIL/OFC/NLD/7A/DELAMPADY/PAN/7824, തിയതി 14.11.2018 എന്ന അപേക്ഷയിൽ berm cutting നടത്തുന്നത് 1.65 മീറ്റർ ആഴത്തിൽ 0.50 മീറ്റർ വീതിയിൽ ആയിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ ട്രഞ്ചുകളുടെ റിസ്റ്റോറേഷൻ വീതി ട്രഞ്ചിന്റെ വീതിയായ 0.5 മീറ്ററിന്റെ 1.50 മടങ്ങായ 0.75 മീറ്ററായി കണക്കാക്കണമായിരുന്നു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ റിപ്പോർട്ടിൽ berm cutting ന്റെ റിസ്റ്റോറേഷൻ വീതി 0.50 മീറ്റർ മാത്രമാണ് കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ berm cutting ന്റെ റിസ്റ്റോറേഷൻ ഏരിയ, ഫീസ് എന്നിവ കണക്കാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. റിലയൻസിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ഫീസ് ചുവടെ കണക്കാക്കുന്നു.

| സാലത്തടുക്ക ദേലമ്പാടി റോഡ് | | | | | |
|---|---|---|---|---|---|
| | നീളം | വീതി | വിസ്തീർണം | നിരക്ക് | തുക |
| Berm cutting | 3485 m | 0.75 m | 2613.75 sqm | 329.87/sqm | 8,62,197.71 |
| Bitumen cutting | 315 m | 1 m | 315 sqm | 4680.65 sqm | 14,74,404.75 |
| അട്ടൂർ അമ്പലം കോരിക്കണ്ടം സുള്ള്യ റോഡ് | | | | | |
| Berm cutting | 3525 m | 0.75 m | 2643.75 sqm | 329.87/sqm | 8,72,093.81 |
| Bitumen cutting | 275 m | 1 m | 275 sqm | 4680.65 sqm | 12,87,178.75 |
| ആകെ | | | | | 44,95,875.02 |
| say | | | | | 44,95,875 |

ഈടാക്കിയ തുക- 39,17,778

ഈടാക്കേണ്ടിയിരുന്ന തുക – 44,95,875

കുറവ്- 5,78,097

അപാകതകൾക്ക് വിശദീകരണവും സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഹാര നടപടികളും അറിയിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10, തിയതി 23.11.2019) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കി നികത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ടെണ്ടർ കിഴിവ് വരുത്താതെ പേമെന്റ് നടത്തി-നഷ്ടം

പ്രോജക്ട് നം 68/19- പയറടുക്ക സ്കൂളിന് സ്റ്റേജ്, കിച്ചൺ, പമ്പ് സെറ്റ്

ഫണ്ട്- 1,50,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

കരാറുകാരൻ- ശ്രീ.റസാഖ്.എം.എച്ച് (2.99% കുറവ് നിരക്കിൽ)

ഇടെണ്ടർ ഐ.ഡി- 2018_LSGD_237064_1

ഈ പ്രവൃത്തിയുടെ 1 മുതൽ 10 വരെയുള്ള ഇനങ്ങൾ ഇ-ടെണ്ടർ നടത്തുകയും 2.99% കുറവ് നിരക്കിൽ ശ്രീ.റസാഖ്.എം.എച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ അളവു പുസ്തകം (നം.45/18-19) പ്രകാരം ഇനം 1 മുതൽ 10 വരെ 1,35,387.45 രൂപയുടെയും ലംപ്സം ഇനമായി 7,782 രൂപയുടെയുമടക്കം ആകെ1,43,169 രൂപയുടെ പ്രവൃത്തി ചെയ്ത കരാറുകാരന് 1,43,269 രൂപ പ്രവൃത്തി മൂല്യം കണക്കാക്കി പേമെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്. (ബിൽ നം 67/21.03.2019, തുക-1,43,269). എന്നാൽ പേമെന്റ് നടത്തുമ്പോൾ 2.99%ടെണ്ടർ കിഴിവ് വരുത്തിയിട്ടില്ല. ടെണ്ടർ കിഴിവ് വരുത്തിയിരുന്നെങ്കിൽ ആകെ 1,38,879.28 രൂപ മാത്രമേ പഞ്ചായത്തിന് ചെലവ് വഹിക്കേണ്ടി വരുമായിരുന്നുള്ളൂ. ഇപ്രകാരം ചെയ്യാത്തതിനാൽ പഞ്ചായത്തിന് 4,389.72 രൂപ അധികച്ചെലവ് വഹിക്കേണ്ടി വന്നിട്ടുണ്ട്. ഈ തുക പ്രവൃത്തിയുടെ ബിൽ തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2018-19 | 26.06.2019 മുതൽ 27.06.2019 വരെ | കെ.എസ്.എ-കെ.എസ്.ഡി-3/642/2019. തീയ്യതി 03-07-2019. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട്

# വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കാസറഗോഡ് | 2018-19 | 2,00,000 | പാലിയേറ്റീവ് കെയർ | 1,68,697 | 31,303 |
| | 2018-19 | 24,124 | ലൈഫ് ഭവന പദ്ധതി- ജനറൽ | - | 24,124 |
| | 2018-19 | 2,44,444 | ലൈഫ് ഭവന പദ്ധതി എസ്.ടി | 2,44,444 | - |
| | 2018-19 | 50,000 | ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 50,000 | - |
| | 2018-19 | 1,00,000 | കിണർ റീചാർജിങ്ങ് എസ്.ടി | - | 1,00,000 |
| | **ആകെ** | **6,18,568** | | **4,63,141** | **1,55,427** |
| ബ്ലോക്ക് പഞ്ചായത്ത്, കാറഡുക്ക | 2018-19 | 2,07,054 | ലൈഫ് ഭവന പദ്ധതി- ടി.എസ്.പി | 2,07,054 | - |
| | 2018-19 | 26,847 | ലൈഫ് ഭവന പദ്ധതി- ജനറൽ | - | 26,847 |
| | 2018-19 | 1,50,000 | ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ് | 1,50,000 | - |
| | 2018-19 | 6,80,000 | നെൽക്കൃഷി കൂലിച്ചെലവ് | 6,80,000 | - |
| | 2018-19 | 2,00,000 | പാലിന് സബ്സിഡി | | - |
| | 2018-19 | 1,00,000 | വൃദ്ധർക്ക് കട്ടിൽ | 1,00,000 | |
| | 2018-19 | | | | |
| | 2018-19 | 5,00,000 | ബലക്കിള പഞ്ചള റോഡ് അഭിവൃദ്ധി | - | 5,00,000 |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 10,000 | അങ്കണവാടികളിൽ കുടിവെള്ള പദ്ധതി | - | 10,000 |
| | ആകെ | 12,90,000 | | 11,37,054 | 1,52,946 |

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി മറ്റുസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകൾ എത്രയും വേഗം വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിക്കുവാൻ സാധിക്കാത്ത പക്ഷം പ്രസ്തുത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്, ഉദ്ദേശം | ഉത്തരവ് നം, തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്) നം. 68/2018/തസ്വഭവ, തിയതി 18.05.2018 | 44,40,000 | 44,40,000 | 0 | 0 | 44,40,000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-2015 | 2-2 | 2016-2017 | അദ്ധ്യായം1 അനുബന്ധം3 | വസ്തുനികുതി | തുടരുന്നു |
| 2014-15 | 2-1 | 2016-17 | അദ്ധ്യായം 2 അനുബന്ധം4 | തൊഴിൽ നികുതി | തുടരുന്നു |
| 2015-2016 | 2.3,2.4 | 2016-2017 | അദ്ധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി | തുടരുന്നു |
| 2015-16 | 3-3 | 2016-17 | അദ്ധ്യായം 6 (ബി) | ആശ്രയ പദ്ധതി -അർഹരായ ഗുണഭോക്താക്കളും, ഫണ്ടും,ലഭ്യമായിട്ടും പദ്ധതി നടപ്പിലാക്കുന്നില്ല | തുടരുന്നു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക - ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക -

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 16,53,30,768 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,08,15,632 |
| വരവിനങ്ങളിലുള്ള നഷ്ടം | 5,78,097 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4,390 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 39,87,177 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5,78,097 | - | സതീശൻ എം കെ , അസി.എഞ്ചിനിയർ |
| 3-1 | - | 4,390 | സതീശൻ എം കെ , അസി.എഞ്ചിനിയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 3,59,990 | ബിന്ദു കെ എം, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-23 | 50,000 | ഡോ.കെ.ഗോപകുമാർ |
| 1-25 | 12,30,000 | കൃഷ്ണ ഭട്ട് കെ, ഹെഡ്മാസ്റ്റർ |
| 1-26 | 22,97,187 | കൃഷ്ണ ഭട്ട് കെ,ഹെഡ്മാസ്റ്റർ |
| 1-27 | 50,000 | കൃഷ്ണ ഭട്ട് കെ,ഹെഡ്മാസ്റ്റർ |
| ആകെ | 39,87,177 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സതീശൻ എം കെ, അസി.എഞ്ചിനിയർ | സതീശൻ.എം.കെ, അസിസ്റ്റന്റ് എഞ്ചിനീയർ, ദേലംപാടി ഗ്രാമപഞ്ചായത്ത് | മലാംകുണ്ട് ഹൗസ്, ബന്തടുക്ക പോസ്റ്റ്, കാസറഗോഡ് പിൻ- 671541 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88,88-89 | എൽ.എഫ്.സി 7-621/93 തിയതി.12-04-94 | 23 |
| 1989-90,90- | എൽ.എഫ്.കെ.എസ്.ഡി.1- | 16 |

| | | |
|---|---|---|
| 91 | 253/96തിയതി 06-06-96 | |
| 1991-92 to 1993-94 | എൽ.എഫ്.കെ.എസ്.ഡി.5-342/00/തിയതി.01-07-02 | 18 |
| 1994-95, 95-96 | എൽ.എഫ്.കെ.എസ്.ഡി4-356/05.തിയതി. 03-03-06 | 14 |
| 1996 -97 | എൽ.എഫ്.കെ.എസ്.ഡി.5-560/98, തിയതി.15.01.2002 | 10 |
| 1997-1998 | എൽ.എഫ്.കെ.എസ്.ഡി.5-11/03തിയതി.30-05-03 | 15 |
| 1998-1999 | എൽ.എഫ്.കെ.എസ്.ഡി.5-431/03തിയതി.30-04-05 | 12 |
| 1999-2000 plan | എൽ.എഫ്.കെ.എസ്.ഡി.5-626/03തിയതി.01-10-05 | 10 |
| 1999-2000 final | എൽ.എഫ്.കെ.എസ്.ഡി.5-555/05തിയതി.14-07-07 | 11 |
| 2000-2001 plan | എൽ.എഫ്.കെ.എസ്.ഡി.5-627/03തിയതി.01-10-05 | 4 |
| 2000-2001 ഫൈനൽ | എൽ.എഫ്.കെ.എസ്.ഡി.4-983/2008, തിയതി.02.04.2009 | 3 |
| 2001-2002 plan | എൽ.എഫ്.കെ.എസ്.ഡി.5-628/03തിയതി.01-10-05 | 2 |
| 2001-2002 final | എൽ.എഫ്.കെ.എസ്.ഡി.4-992/08തിയതി.02-04-09 | 4 |
| 2002-2003 | എൽ.എഫ്.കെ.എസ്.ഡി.4-983(A)/08തിയതി.26-06-09 | 6 |
| 2003- 2004 | എൽ.എഫ്.കെ.എസ്.ഡി.4-213/09തിയതി.11.5.10 | 17 |
| 2004- 2005 | എൽ.എഫ്.കെ.എസ്.ഡി.3-137/11തിയതി.20-10-11 | 5 |
| 2005-2006 | എൽ.എഫ്.കെ.എസ്.ഡി.3-249/11തിയതി.20-10-11 | 11 |
| 2006-2007 | എൽ.എഫ്.കെ.എസ്.ഡി.6-513/2013, തിയതി.12.08.2013 | 5 |
| 2007-2008 | എൽ.എഫ്.കെ.എസ്.ഡി.4-923/11തിയതി.29-09-12 | |
| 2008-2009, 2009-2010 & 2010-2011 | എൽ.എഫ്.കെ.എസ്.ഡി.4-705/12തിയതി.06-05-13 | 10 |

| | | |
|---|---|---|
| 2011-2012 | എൽ.എഫ്.കെ.എസ്.ഡി.6-475/13, തിയതി.19.11.2013 | 9 |
| 2012-13, 2013-14 | എൽ.എഫ്.കെ.എസ്.ഡി.7-31/15തിയതി.11-06-15 | 18 |
| 2014-15 | കെ.എസ്.എ/ കെ.എസ്.ഡി.7-1014/15തിയതി.13-10-15 | 15 |
| 2015-16 | കെ.എസ്.എ/ കെ.എസ്.ഡി.7-1051/16തിയതി.15-10-2016 | 15 |
| 2016-17 | കെ.എസ്.എ/ കെ.എസ്.ഡി.7-755/2017തിയതി.05.07.2017 | 26 |
| 2017-18 | കെ.എസ്.എ/ കെ.എസ്.ഡി.7-1290/2018, തിയതി.06.12.2018 | 13 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം: കെ.എസ്.എ/കെ.എസ്.ഡി.7/19/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് - 671123.

ഇ-മെയിൽ : doksd.ksad@kerala.gov.in

ഫോൺ : 0499 4256690.

തീയ്യതി: 09.01.2020

## <u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും / 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ **ദേലമ്പാടി ഗ്രാമ പഞ്ചായത്തിന്റെ 31.03.2019 -ൽ** അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അനുബന്ധമായി കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ **ദേലമ്പാടി ഗ്രാമ പഞ്ചായത്തിന്റെ** 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-2 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Delampady Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 2972137.00 |
| Cash | Cash | RP-40(a) | 69830.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 580100.00 |
| 130000000 | Rental income from Panchayat Properties | RP-3 | 8400.00 |
| 140000000 | Fees & User Charges | RP-4 | 4116042.00 |
| 150000000 | Sale & Hire Charges | RP-5 | 71448.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 66302176.00 |
| 171000000 | Interest Earned | RP-9 | 68241.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9478162.00 |
| 350000000 | Other Liabilities | RP-36 | 597305.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 491.00 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 330000000 | Secured Loans | RP-32 | 4440000.00 |
| 340000000 | Deposits Received | RP-34 | 24278.00 |
| 350000000 | Other Liabilities | RP-36 | 80474.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 16023394.00 |
| 460000000 | Loans, Advances and Deposits | RP-47 | 32133.00 |
| | **Grand total** | | **104864611.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3343108.00 |
| 220000000 | Administrative Expenses | RP-12 | 734467.00 |
| 230000000 | Operations & Maintenance | RP-13 | 305077.00 |
| | | | |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7134215.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 16363684.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5625499.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 944516.00 |
| | | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 299440.00 |
| 255000000 | Maintenance Projects | RP-20 | 12183175.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 1585875.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 30000.00 |
| 280000000 | Prior Period item | RP-26 | -73451.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 313943.00 |
| 350000000 | Other Liabilities | RP-36 | 6153820.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 1327.00 |
| 280000000 | Prior Period Item | RP-26 | -5020.00 |
| 350000000 | Other Liabilities | RP-36 | 1797549.00 |
| 410000000 | Fixed Assets | RP-38 | 13279774.00 |
| 412000000 | Capital work in Progress | RP-40 | 12266032.00 |
| 440000000 | Pre-paid Expenses | RP-45 | 4440000.00 |
| 460000000 | Loans, Advances and Deposits | RP-47 | 584478.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 17497927.00 |
| Cash | Cash | RP-40(b) | 59176.00 |
| | **Grand Total** | | **104864611.00** |

# <u>അനുബന്ധം-3 ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</u>

| Delampady Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 1857065.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 392532.00 |
| 140000000 | Fee & User Charges | I-4(b) | 4146142.00 |
| 150000000 | Sale & Hire Charges | I-5(b) | 71948.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 112022523.00 |
| 171000000 | Interest Earned | I-8 | 68241.00 |
| 180000000 | Other Income | I-9 | 77122.00 |
| | **Total Income** | | **118635573.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8958225.00 |
| 220000000 | Administrative Expenses | I-11(b) | 734467.00 |
| 230000000 | Operations & Maintenance | I-12(b) | 305077.00 |
| | | | |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | I-13 | 1327.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7264480.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 41373543.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5583097.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 944516.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 34681040.00 |
| 255000000 | Maintenance Projects | I-14(e) | 12183175.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 3613235.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 30000.00 |
| 272000000 | Depreciation | I-17(a) | 8675961.00 |
| | **Total Expenditure** | | **124348143.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-5712570.00** |
| 280000000 | Prior Period Item | I-18 | 651708.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-6364278.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-4 ബാലൻസ് ഷീറ്റ്

Delampady Grama Panchayat

BALANCE SHEET

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -15899783.70 |
| 312000000 | Reserves | B-3 | 92580606.00 |
| | **Total Reserve & Surplus** | | **76680822.30** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7232138.00 |
| | **Total Grants, Contributions for Specific Purposes** | | **7232138.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 4440000.00 |
| | **Total Loans** | | **4440000.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 134879.00 |
| 350000000 | Other Liabilities | B-9 | 1197081.30 |
| | **Total Current Liabilities and Provisions** | | **1331960.30** |
| | **TOTAL LIABILITIES** | | **89684920.60** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 110829386.00 |
| 411000000 | Accumulated Depreciation | B-11 | -44690781.00 |
| 412000000 | Capital Work in Progress | B-11(a) | 212078.00 |
| | **Total Fixed Assets** | | **66350683.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 652076.60 |
| 440000000 | Pre-paid Expenses | B-16 | 4440000.00 |
| 450000000 | Cash and Bank Balance | B-17 | 17557103.00 |
| 460000000 | Loans, Advances and Deposits | B-18 | 685058.00 |
| | **Total Current Assets, Loans and Advances** | | **23334237.60** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | | | |
| TOTAL ASSETS | | | **89684920.60** |